**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6317** **10-07-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി കുടിവെള്ള വിതരണ പദ്ധതിയുടെ നടത്തിപ്പ് -കൺസൾട്ടൻസി കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എ.ഡി.ബി. വായ്പ ഉപയോഗിച്ച് കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ നടത്തിപ്പ കരാറും കൺസൾട്ടൻസി കരാറും ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളാണ് ഏറ്റെടുത്തിരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എ.ഡി.ബി. വായ്പ ഉപയോഗിച്ച് കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ നടത്തിപ്പിനും, കൺസൾട്ടൻസി നിയമനത്തിനും വേണ്ടിയുള്ള കരാർ നാളിതുവരെ നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ പദ്ധതിയുടെ നടത്തിപ്പ കരാറും കൺസൾട്ടൻസി കരാറും ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നേടുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | എ.ഡി.ബി. വായ്പ ഉപയോഗിച്ച് കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ നടത്തിപ്പിനും, കൺസൾട്ടൻസി നിയമനത്തിനും വേണ്ടിയുള്ള കരാർ നാളിതുവരെ നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ മേൽനോട്ടവും ബില്ലുകൾ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള സുപ്രധാന ജോലികളും കൺസൾട്ടൻസിക്ക് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | എ.ഡി.ബി. വായ്പ ഉപയോഗിച്ച് കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ നടത്തിപ്പിനും, കൺസൾട്ടൻസി നിയമനത്തിനും വേണ്ടിയുള്ള കരാർ നാളിതുവരെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ